## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3210** **13.10.2011-ൽ മറുപടിക്ക്.**

### തിരുവനന്തപുരം - കൊച്ചി- കോഴിക്കോട് വിമാന സർവ്വീസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.എ. മാധവൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം - കൊച്ചി - കോഴിക്കോട് നഗരങ്ങളെ ബന്ധിപ്പിച്ച് പുതിയ വിമാന സർവ്വീസുകൾ ആരംഭിച്ചിട്ടുള്ള തായി അറിയാമോ; | (എ) | അറിയാം. |
| (ബി) | എത്ര സർവ്വീസുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് തുടങ്ങിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) യും (സി) യും (ഡി) യും | സിയാലിൽ നിന്നും തിരുവനന്തപുരം - കൊച്ചി- കോഴിക്കോട് സെക്ടറിൽ 9 സർവ്വീസുകൾ നിലവിലുണ്ട്. 8.8.2011ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാന ത്തിലെ മൂന്ന് എയർപോർട്ടുകളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളെ ബന്ധിപ്പിച്ച് ATR സർവ്വീസുകൾ എയർ ഇന്ത്യ തുടങ്ങുമെന്ന് ധാരണ യായി. ടി സർവ്വീസുകൾ നടത്തുന്ന തിനുള്ള സഹായമായി സംസ്ഥാന സർക്കാർ 31.3.2012 വരെ എയർ ഇന്ത്യ സംസ്ഥാനത്തിനകത്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളെ ബന്ധിപ്പിച്ച് നടത്തുന്ന ആഭ്യന്തര വിമാനങ്ങളിൽ നിറയ്ക്കുന്ന Aviation Turbine Fuel ലിന്റെ സംസ്ഥാന നികുതി ഒഴിവാക്കിക്കൊണ്ട് 23/8/2011 ന് G.O(P) 112/2011/TD എന്ന ഉത്തരവ് പുറപ്പെടുവിക്കുകയും തിരുവനന്തപുരം, കൊച്ചി, |
| (സി) | ഇതിനായി സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കിയി ട്ടുണ്ടെന്ന് അറിയിക്കുമോ; | | |
| (ഡി) | ഭാവിയിൽ പ്രസ്തുത നഗരങ്ങളെ ബന്ധിപ്പിച്ച് കൂടുതൽ സർവ്വീസു കൾ ആരംഭിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലത്തുമോ? | | |

| | | | |
|---|---|---|---|
| | | | കോഴിക്കോട് വിമാനത്താവളങ്ങളെ ബന്ധിപ്പിച്ച് ATR സർവ്വീസുകൾ തുടങ്ങുവാൻ എയർ ഇന്ത്യയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് – തിരുവനന്തപുരം - കോഴിക്കോട്, കോഴിക്കോട് - കൊച്ചി- അഗത്തി, അഗത്തി- കോഴിക്കോട് സർവ്വീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ